പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ

ചോദ്യം നമ്പർ:850

30.06.15 ൽ മറുപടിക്ക്

## ആലപ്പുഴ ജില്ലയിൽ കടൽ ഭിത്തി പുലിമുട്ട് സ്ഥാപിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ ജില്ലയുടെ തീരദേശത്തിന്റെ ആകെ ദൈർഘ്യമെത്ര; അമ്പലപ്പുഴ, ആലപ്പുഴ, ചേർത്തല, അരൂർ എന്നീ നിയോജക മണ്ഡലങ്ങളിൽ ഓരോന്നിലും എത്ര കിലോമീറ്റർ വീതം കടൽ തീരമുണ്ട്; | (എ) ആലപ്പുഴ ജില്ലയുടെ തീരദേശത്തിന്റെ ആകെ ദൈർഘ്യം 75.169 കി.മി ആണ്.<br>അമ്പലപ്പുഴ നിയോജകമണ്ഡലം -14.2 കി.മി.<br>ആലപ്പുഴ നിയോജകമണ്ഡലം - 19.563 കി.മി.<br>ചേർത്തല നിയോജകമണ്ഡലം - 16.450 കി.മി<br>അരൂർ നിയോജകമണ്ഡലം - 4.604 കി.മി. |
| (ബി) മേല്പറഞ്ഞ ഓരോ മണ്ഡലത്തിലും 2001-2006-ൽ പുതുതായി നിർമ്മിച്ച പുലിമുട്ട്/ കടൽഭിത്തിയുടെ ദൈർഘ്യം എത്ര; അതിനു വേണ്ടി ചെലവായ തുക എത്ര; ഓരോ മണ്ഡലത്തിലും റിപ്പയർ ആന്റ് മെയിന്റനൻസ് നടത്തിയ ദൈർഘ്യം എത്ര; ചെലവായ തുക എത്ര; വ്യക്തമാക്കുമോ; | (ബി) 2001-2006 വർഷങ്ങളിൽ ജലവിഭവ വകുപ്പ് മുഖേന പുലിമുട്ടുകൾ ഒന്നും നിർമ്മിച്ചിട്ടില്ല.<br>2001-2006 വർഷത്തിൽ (1) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ 60.25 ലക്ഷം ചെലവു വന്ന 300 മീറ്റർ നീളം കടൽഭിത്തിയുടെ നിർമ്മാണവും 8.39 ലക്ഷം ചെലവു വന്ന 569 മീറ്റർ കടൽഭിത്തികളുടെ റിപ്പയർ ആന്റ് മെയിന്റനൻസും നടത്തിയിട്ടുണ്ട്<br>(2) ആലപ്പുഴ – പുതിയ നിർമ്മാണം ഇല്ല.<br>റിപ്പയർ ആന്റ് മെയിന്റനൻസ് - 438 മീറ്റർ കടൽഭിത്തി -49.40 ലക്ഷം.<br>(3) ചേർത്തല – 1151 മീറ്റർ പുതിയ കടൽഭിത്തി -1.51 കോടി.<br>റിപ്പയർ ആന്റ് മെയിന്റനൻസ് - 903 മീറ്റർ കടൽഭിത്തി - 1.74 ലക്ഷം<br>(4) അരൂർ - 150 മീറ്റർ പുതിയ കടൽഭിത്തി - 3.62 ലക്ഷം.<br>റിപ്പയർ ആന്റ് മെയിന്റനൻസ് - 777 മീറ്റർ കടൽഭിത്തി - 1.48 കോടി. |

| | | | |
|---|---|---|---|
| (സി) | മേല്പറഞ്ഞ ഓരോ മണ്ഡലത്തിലും 2006-2011-ൽ പുതുതായി നിർമ്മിച്ച കടൽഭിത്തി /പുലിമുട്ടിന്റെ ദൈർഘ്യമെത്ര; അതിനായി ചെലവായ തുക എത്ര; ഓരോ മണ്ഡലത്തിലും ഈ കാലയളവിൽ റിപ്പയർ ആന്റ് മെയിന്റനൻസ് നടത്തിയ ദൈർഘ്യമെത്ര; ചെലവായ തുക എത്ര; വ്യക്തമാക്കുമോ; | (സി) | 2006-2011 കാലയളവിൽ ടി മണ്ഡലങ്ങളിൽ പുലിമുട്ടുകളുടെ നിർമ്മാണം നടന്നിട്ടില്ല കടൽഭിത്തി നിർമ്മാണത്തിനും റിപ്പയർ ആന്റ് മെയിന്റനൻസിനുമായി ചെലവായ തുകകൾ.<br>(1) അമ്പലപ്പുഴ<br>കാക്കാഴം കടൽഭിത്തി നിർമ്മാണം - 1.496 കി.മി - 3.56 കോടി<br>റിപ്പയർ ആന്റ് മെയിന്റനൻസ് - 4.545 കി.മീറ്റർ - 8.06 കോടി.<br>(2) ആലപ്പുഴ<br>തുമ്പോളി കടൽഭിത്തി നിർമ്മാണം 384 മീറ്റർ - 91.50 ലക്ഷം<br>റിപ്പയർ ആന്റ് മെയിന്റനൻസ് - 2.274 കി.മീറ്റർ - 4.03 കോടി<br>(3) ചേർത്തല<br>കടൽ ഭിത്തി നിർമ്മാണം - 4.109 കി.മി - 10.70 കോടി<br>റിപ്പയർ ആന്റ് മെയിന്റനൻസ് - 3.636 കി.മി. - 6.16 കോടി<br>(4) അരൂർ കടൽ ഭിത്തി നിർമ്മാണം 225 മി. -60 ലക്ഷം<br>റിപ്പയർ ആന്റ് മെയിന്റനൻസ് -213 മീ. -58.08 ലക്ഷം |
| (ഡി) | 2011 - 2015 ൽ മേല്പറഞ്ഞ ഓരോ നിയോജക മണ്ഡലത്തിലും പുതുതായി നിർമ്മിച്ച കടൽഭിത്തി /പുലിമുട്ടിന്റെ ദൈർഘ്യമെത്ര; അതിനായി ചെലവഴിച്ച തുക എത്ര; റിപ്പയർ ആന്റ് മെയിന്റനൻസ് നടത്തിയ ദൈർഘ്യമെത്ര; ഇതിനായി ചെലവഴിച്ച തുക എത്ര; വിശദമാക്കാമോ; | (ഡി) | 2011-15 ൽ നടന്ന നിർമ്മാണ പ്രവർത്തനങ്ങൾ<br>(1) അമ്പലപ്പുഴ —16 പുലിമുട്ടുകളുടെ നിർമ്മാണം - 9.11 കോടി<br>കടൽഭിത്തി നിർമ്മാണം ഇല്ല<br>റിപ്പയർ ആന്റ് മെയിന്റനൻസ് - 360 മീറ്റർ കടൽഭത്തി - 34.49 ലക്ഷം<br>(2) ആലപ്പുഴ<br>180 മീറ്റർ കടൽഭിത്തി നിർമ്മാണം 1.16 കോടി (ധനകാര്യ കമ്മീഷൻ)<br>റിപ്പയർ ആന്റ് മെയിന്റനൻസ് 123 മീ. കടൽ ഭിത്തി - 54.23 ലക്ഷം<br>(3) ചേർത്തല റിപ്പയർ ആന്റ് മെയിന്റനൻസ് - 50 മീ. കടൽഭിത്തി - 20 ലക്ഷം<br>(4)അരൂർ റിപ്പയർ ആന്റ് മെയിന്റനൻസ് -58 മീ. കടൽഭിത്തി -27 ലക്ഷം |

| | | |
|---|---|---|
| (ഇ) | മേല്പറഞ്ഞ ഓരോ നിയോജക മണ്ഡലത്തിലും (ഡി) ഇപ്പോൾ കടൽ ഭിത്തി തീരെയില്ലാത്ത കടൽ തീര ദൈർഘ്യം എത്ര; ഈ ഭാഗങ്ങളിൽ കടൽഭിത്തി /പുലിമുട്ട് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ; | കടൽഭിത്തി തീരെയില്ലാത്ത കടൽത്തീര ദൈർഘ്യം അനുബന്ധം I ആയിചേർത്തിരിക്കുന്നു. |
| (എഫ്) | ഈ ഓരോ മണ്ഡലത്തിലും എത്ര പുലിമുട്ടുകൾ വീതമാണ് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത്; എന്തു തുക ഇതിനായി വേണ്ടി വരും; വ്യക്തമാക്കാമോ; | (എഫ്) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ഐ.ഐ.റ്റി പഠനം പൂർത്തിയായ പഴയങ്ങാടി മുതൽ കോമന വരെ 26 പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് വേണ്ടി ലഭിച്ച 22.01 കോടി രൂപയുടെ എസ്റ്റിമെറ്റ് സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്.<br>ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഓമനപ്പുഴ, ചെട്ടികാട്എന്നീ സ്ഥലങ്ങളിൽ ഐ.ഐ.റ്റി പഠന റിപ്പോർട്ട് പ്രകാരം ആകെ 14 പുലിമുട്ടുകൾ നബാർഡിന്റെ സഹായത്തോടെ നിർമ്മിച്ചുവരുന്നു. ഇതിന് 11 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കൂടാതെ മാരാരിക്കുളം വടക്ക് പഞ്ചായത്തിലെ ചേന്നവേലിയിൽ നബാർഡിന്റെ ധനസഹായത്തോടെ 6 പുലിമുട്ടുകൾക്ക് 443 ലക്ഷം രൂപ ചെലവും, ഇവിടെത്തന്നെ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് 3 പുലിമുട്ടും അതിനോടനുബന്ധിച്ച് 20 മീറ്റർ കടൽഭിത്തിയും നിർമ്മിക്കുന്നതിന് 195 ലക്ഷം രൂപ ചെലവും പ്രതീക്ഷിക്കുന്നു. ഇവയുടെ പ്രവർത്തി പുരോഗമിക്കുന്നു.<br>ചേർത്തല നിയോജക മണ്ഡലത്തിൽ ചേർത്തല തെക്ക് പഞ്ചായത്തിലെ ആയിരംതൈയ്യ് വടക്ക് തൈക്കലിൽ നബാർഡിന്റെ ധനസഹായത്തോടെ 6 പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് 4.56 കോടി രൂപയും, ഇവിടെത്തന്നെ 3 പുലിമുട്ടുകളും 20 മീറ്റർ നീളത്തിൽ കടൽഭിത്തിയും നിർമ്മിക്കുന്നതിന് സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുവാൻ 1.89 കോടി രൂപയും ചെലവ് വരും. ഇവയുടെ പ്രവൃത്തി പുരോഗമിക്കുന്നു. |

(ജി) ഈ ഓരോ മണ്ഡലത്തിലും ഇപ്പോൾ എത്ര പുലിമുട്ട് സ്ഥാപിച്ചിട്ടുണ്ട്; എന്ത് തുക ഇതിനായി ചെലവഴിച്ചു; ബാക്കി പുലിമുട്ട് എന്ന് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്; 2015 മേയ് 19 ന് കടലാക്രമണം രൂക്ഷമായപ്പോൾ അമ്പലപ്പുഴ എം.എൽ.എ് നടത്തിയ ഇടപെടലിനെ തുടർന്ന് ബഹു.മുഖ്യമന്ത്രിയും ബഹു.മന്ത്രിയും ചേർന്ന് ആലോചിച്ച് അമ്പലപ്പുഴ, ചേർത്തല മണ്ഡലങ്ങൾക്ക് അനുവദിച്ച തുക എത്ര; താല്കാലിക കടൽഭിത്തി ആരംഭിച്ചോ എന്നും വിശദമാക്കാമോ; ആലപ്പുഴ ജില്ലയിലെ തീരപ്രദേശത്ത് സമ്പൂർണ്ണ കടൽഭിത്തി പുലിമുട്ട് സ്ഥാപിക്കുന്നതിന് എത്ര തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; പുതുതായി കടൽഭിത്തി പുലിമുട്ട് സ്ഥാപിക്കുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ?

(ജി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ 16 പുലിമുട്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട് ഇതിന് 9.11 കോടി രൂപ ചെലവായിട്ടുണ്ട്. ഈ നിയോജക മണ്ഡലത്തിലെ ഐ.ഐ.റ്റി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ച സ്ഥലത്തെ 26 പുലിമുട്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

ആയത്പോലെ ഐ.ഐ.റ്റി വിദഗ്ധ സംഘം സന്ദർശനം നടത്തിയ മറ്റു സ്ഥലങ്ങളിലെ പഠന റിപ്പോർട്ട് ലഭ്യമായാൽ ഉടൻ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കാവുന്നതാണ്. ബഹു.അമ്പലപ്പുഴ എം.എൽ.എ യുടെ ഇടപെടലിനെ തുടർന്ന് അമ്പലപ്പുഴ,ചേർത്തല നിയോജകമണ്ഡലത്തിൽ അടിയന്തിര കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്. എന്നാൽ തുകയൊന്നും ഇതുവരെ അനുവദിച്ചിട്ടില്ല. താല്കാക്കാലിക കടൽഭിത്തിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പഴയങ്ങാടി മുതൽ കാക്കൂർ വരെയും ചേർത്തല നിയോജകമണ്ഡലത്തിലെ ചേന്നവേലി, ആയിരംതൈ എന്നിവിടങ്ങളിലും താലാകാലിക കടൽഭിത്തിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ വട്ടച്ചാൽ മുതൽ ചാപ്പക്കടവ് വരെ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് 2012 ൽ 435 കോടി ചെലവു പ്രതീക്ഷിക്കുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് ഇപ്പോഴത്തെ നിരക്ക പ്രകാരം 566 കോടി രൂപ ചെലവു വരുന്നതാണ്. ഈ പ്രവർത്തിക്കും ഐ.ഐ.റ്റിയുടെ പഠനം ആവശ്യമാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം I

അമ്പലപ്പുഴ – 8.635 കി.മീറ്റർ.

അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ ഐ.ഐ.റ്റി. ചെന്നൈയുടെ പഠനം പൂർത്തിയാക്കിയ പഴയങ്ങാടി മുതൽ കോമന വരെയുള്ള 2350 മീറ്റർ നീളത്തിൽ പുലിമുട്ടിന്റെ ശൃംഖല സ്ഥാപിക്കുന്നതിനു വേണ്ടി 22.01 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കാക്കാഴത്ത് 285 മീറ്റർ നീളത്തിൽ കടൽ ഭിത്തിയുടെ നിർമ്മാണത്തിന് 210 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ തയ്യാറാക്കി 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി പ്രവൃത്തി ടെൻഡർ ചെയ്തെങ്കിലും ആരും ഏറ്റെടുത്തില്ല. ബാക്കിയുള്ള സ്ഥലങ്ങളിൽ കടൽഭിത്തി / പുലിമുട്ട് നിർമ്മിക്കുന്നതിനായി ഐ.ഐ.റ്റി പഠനം നടത്താൻ വേണ്ടി

ഐ.ഐ.റ്റി പഠനസംഘം സ്ഥലം സന്ദർശിക്കുകയുണ്ടായി.

ആലപ്പുഴ – 3.50 കി.മീറ്റർ

ഈ പ്രദേശത്ത് പുലിമുട്ട് നിർമ്മിയ്ക്കുന്നതിനായി ഐ.ഐ.റ്റി. ചെന്നൈയ്ക്ക് പഠനത്തിനായി സമർപ്പിച്ചിട്ടുണ്ട്.

ചേർത്തല, അരൂർ - 4.143 കി.മീറ്റർ

ചേർത്തല, അരൂർ മണ്ഡലങ്ങളിൽ കടൽഭിത്തി തീരെ ഇല്ലാത്ത ബീച്ച് ഒഴികെയുള്ള പ്രദേശങ്ങളായ അർത്തുങ്കൽ ഹാർബറിന് വടക്കുവശം മുതൽ 1226 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് 12.38 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന് ലഭ്യമായിട്ടുണ്ട്. എന്നാൽ ഈ ഭാഗങ്ങളിലും, ചെന്നവേലിയിൽ 800 മീറ്റർ നീളത്തിലും ഐ.ഐ.റ്റി. ചെന്നൈ പഠനസംഘം സന്ദർശിച്ച് പഠനം നടത്തി സ്ഥലത്തിന് അനുയോജ്യമായ കടൽഭിത്തി / പുലിമുട്ട് നിർമ്മിക്കുന്നതിനുള്ള പഠന റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് ആവശ്യമായ വ്യതിയാനങ്ങൾ വരുത്തി സാങ്കേതികാനുമതിയ്ക്കായി നടപടി സ്വീകരിക്കാൻ സാധിക്കും.

കടക്കരപ്പള്ളി പഞ്ചായത്തിലെ അന്ധകാരനഴിയിൽ കടൽഭിത്തി ഇല്ലാത്ത സ്ഥലത്ത് കടൽഭിത്തി പുനരുദ്ധാരിക്കുന്നതിന് 1.46 കോടി രൂപയുടെ എസ്റ്റിമേറ്റ് 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി പ്രവൃത്തി നടപ്പിലാക്കാൻ തീരുമാനിച്ചെങ്കിലും ടെൻഡർ ചെയ്തപ്പോൾ ആരും തന്നെ ഏറ്റെടുക്കാതിരുന്നതിനാൽ പ്രവൃത്തി നടപ്പിലാക്കുവാൻ സാധിച്ചില്ല.

സെക്ഷൻ ഓഫീസർ